ദേശാഭിമാനി

22 November 2025

# അറബിക്കടലിൽ പുതിയ ഇനം നീരാളി കൂന്തൽ– 'ടനിൻജിയ സൈലാസി'

**കൊച്ചി**

അറബിക്കടലിൽനിന്ന് പുതിയ ഇനം ആഴക്കടൽ നീരാളി കൂന്തലിനെ സിഎംഎഫ്ആർഐ ശാസ്ത്രസംഘം കണ്ടെത്തി. ആഗോളതലത്തിൽത്തന്നെ അപൂർവമായ ടനിൻജിയ എന്ന ജെനുസിൽ (വർഗം) ഉൾപ്പെട്ടതാണിത്. ഇതുവരെ, അറ്റ്ലാന്റിക് സമുദ്രത്തിൽ കാണപ്പെടുന്ന ടനിൻജിയ ഡാനേ മാത്രമായിരുന്നു ഈ വർഗത്തിലെ ഒരേയൊരു കൂന്തൽ ഇനം. സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഗീത ശശികുമാറും ടെക്നിക്കൽ ഓഫീസർ ഡോ. കെ കെ സജികുമാറും ചേർന്ന ഗവേഷണസംഘമാണ് നേട്ടത്തിന് പിന്നിൽ.



**അറബിക്കടലിൽ കണ്ടെത്തിയ പുതിയ ഇനം ആഴക്കടൽ നീരാളി കൂന്തൽ 'ടനിൻജിയ സൈലാസി'**

സിഎംഎഫ്ആർഐ മുൻ ഡയറക്ടറും കേരള കാർഷിക സർവകലാശാല മുൻ വിസിയുമായിരുന്ന ഫിഷറീസ് ശാസ്ത്രജ്ഞൻ ഡോ. ഇ ജി സൈലാസിന് ആദരമായി പുതിയ കൂന്തലിന് 'ടനിൻജിയ സൈലാസി' എന്ന് പേര് നൽകി. ഇന്ത്യയിലെ കണവ ഗവേഷണരംഗത്ത് മുൻനിരക്കാരനായിരുന്നു ഡോ. സൈലാസ്.

കൊല്ലം പുറംകടലിൽ ഏകദേശം 390 മീറ്റർ ആഴത്തിൽനിന്നാണ് ഒക്ടോപോട്യൂത്തിഡേ കുടുംബത്തിൽപ്പെട്ട കൂന്തലിനെ ലഭിച്ചത്. ഇവയ്ക്ക് മറ്റു കൂന്തലുകളെപ്പോലെ രണ്ട് നീളമുള്ള സ്പർശിനികൾ (ടെന്റക്കിൾ) ഇല്ല. നീരാളികളെപ്പോലെ എട്ട് കൈകൾ മാത്രമാണുള്ളത്. ഇതുകൊണ്ടാണ് നീരാളി കൂന്തൽ എന്ന് വിളിക്കുന്നത്. സാധാരണ കൂന്തലുകൾക്ക് എട്ട് കൈകളും രണ്ട് സ്പർശിനികളുമുണ്ടാകാറുണ്ട്.

വിശദമായ ജനിതകവർഗീകരണ പഠനത്തിലാണ് അറബിക്കടലിൽനിന്ന് ലഭിച്ചത് പുതിയ ഇനം കൂന്തലാണെന്ന് തിരിച്ചറിഞ്ഞതെന്ന് ഡോ.ഗീത ശശികുമാർ പറഞ്ഞു. ഈ കൂന്തലുകൾ രണ്ട് മീറ്ററിലേറെ നീളവും ഏകദേശം 61 കിലോ തൂക്കവും കൈവരിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ഡോ. സജികുമാർ പറഞ്ഞു. പുതിയ കൂന്തലിനെ കണ്ടെത്തിയ പഠനം രാജ്യാന്തര ജേർണലായ മറൈൻ ബയോഡൈവേഴ്സിറ്റിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗവേഷണ വിദ്യാർഥികളായ ഡോ. ഷിജിൻ അമേരി, ടോജി തോമസ് എന്നിവരും പഠനസംഘത്തിലുണ്ടായിരുന്നു.